I/120615/2023

**"ഭരണഭാഷ-മാതൃഭാഷ"**

നമ്പർ: **KTDS/733/2021-A**

ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്
കോഴിക്കോട്- 673 017
ഫോൺ നമ്പർ: 0495 2356805
ഇ-മെയിൽ: kirtads@gmail.com
kirtads@kerala.gov.in

തീയ്യതി: 09-11-2023

**<u>ക്വട്ടേഷൻ/ലേല പരസ്യം</u>**

കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന കിർടാഡ്സ് (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിങ് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ്സ്) വകുപ്പ് നിർമ്മിക്കുന്ന പട്ടികവർഗ്ഗ സ്വാതന്ത്ര്യ സമര സേനാനി മ്യൂസിയം നിർമ്മാണത്തിന്റെ ഭാഗമായി വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ സുഗന്ധഗിരി ബ്ലോക്ക് നം. 23 ല് ഉൾപ്പെട്ടതും മ്യൂസിയം നിർമ്മാണത്തിനു തടസ്സമായി നിൽക്കുന്നതുമായ 9 മരങ്ങൾ വയനാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ അസിസ്റ്റന്റ് കൺസർവേറ്ററുടെ 02/11/2023 ലെ WSF3-818/23 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുറിച്ച് മാറ്റിയിട്ടിട്ടുള്ളത് സുഗന്ധഗിരി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് പരിസരത്തുവെച്ച് 24/11/2023 ന് രാവിലെ 11.30 ന് പരസ്യമായി ലേലം ചെയ്ത് കൊടുക്കുന്നതാണ്.

| ക്രമ നമ്പർ | ഇനം | നെഞ്ചുയര വണ്ണം (സെന്റീ മീറ്ററിൽ ) | തടിയുടെ വ്യാപ്തം (ഘന മീറ്ററിൽ) | വിറകിന്റെ അളവ് (മെട്രിക് ടെണ്ണിൽ) |
|---|---|---|---|---|
| 1. | വെങ്കണ | 360 | 4.791 | 5.125 |
| 2. | യൂക്കാലിപ്റ്റസ് | 160 | 1.065 | 0.451 |
| 3. | യൂക്കാലിപ്റ്റസ് | 190 | 1.503 | 0777 |
| 4. | അയനി പ്ലാവ് | 170 | 0.689 | 0.738 |
| 5. | വെട്ടി | 165 | 1.062 | 0.545 |
| 6. | ആഫ്രിക്കൻ ചോല | 190 | 1.503 | 0.777 |
| 7. | ആഫ്രിക്കൻ ചോല | 150 | 0.932 | 0.373 |
| 8. | ആഫ്രിക്കൻ ചോല | 145 | 0.932 | 0.373 |
| 9. | ആഫ്രിക്കൻ ചോല | 185 | 1.503 | 1.554 |

- ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല സമയത്ത് 5,000/- രൂപ (അയ്യായിരം രൂപ മാത്രം) നിരതദ്രവ്യമായി ഓഫീസിൽ കെട്ടിവയ്ക്കേണ്ടതാണ്. ലേലം കഴിഞ്ഞാൽ ലേലം ലഭിക്കാത്തവർക്ക് നിരതദ്രവ്യം തിരിച്ചു നൽകുന്നതാണ്.

- സർക്കാർ ലേലം സംബന്ധിച്ച മറ്റുള്ള എല്ലാ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമാണ്.
- പരസ്യലേലത്തോടൊപ്പം മുദ്രവെച്ച കവറുകളിൽ ക്വട്ടേഷനുകളും സ്വീകരിക്കുന്നു. ക്വട്ടേഷനുകൾ സമർപ്പിക്കുന്നതിന്റെ കൂടെ 5,000/- രൂപ (അയ്യായിരം രൂപ മാത്രം) നിരതദ്രവ്യമായി മുദ്രവെച്ച കവറിൽ "ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്, കോഴിക്കോട്" എന്ന പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയി ഹാജരാക്കേണ്ടതാണ്.
- മുദ്രവെച്ച കവറുകൾ ലേലത്തിന്റെ തലേ ദിവസം (പ്രവൃത്തി ദിവസം) 23/11/2023 ന് വൈകുന്നേരം 5.00 മണി വരെ സ്വീകരിക്കുന്നതായിരിക്കും.
- ലേലത്തിനു ശേഷം കവറുകൾ തുറന്നു പരിശോധിക്കുന്നതും, ലേലത്തിലോ, ക്വട്ടേഷനിലോ ഏതാണ് കൂടുതൽ ആ തുകയ്ക്ക് ലേലം താത്കാലികമായി ഉറപ്പിക്കുന്നതുമായിരിക്കും.
- ലേലം ഉറപ്പിക്കുന്നയാൾ തത്സമയം തന്നെ വാഗ്ദാനം ചെയ്ത തുകയുടെ 50% ഓഫീസിൽ അടക്കേണ്ടതാണ്. ബാക്കി തുക ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനുള്ളിലും അടക്കേണ്ടതാണ്.
- ലേല തുക മുഴുവനായും അടച്ചതിനുശേഷം ഈ ഓഫീസിൽ നിന്നും പിന്നീട് പുറപ്പെടുവിക്കുന്ന ഉത്തരവ് ലഭ്യമായതിനുശേഷം മാത്രമേ ലേലം കൊണ്ടയാൾ മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന മരങ്ങളും മരത്തിന്റെ ശിഖിരങ്ങളും സ്വന്തം ചെലവിൽ കൊണ്ടുപോകാൻ പാടുള്ളു.
- തടിയുടെയും വിറകിന്റെയും ലേലത്തുകയുടെ 5% വനവികസന നികുതിയും ലേലത്തുകയുടെ 18% ജി.എസ്.ടി യും ലേലംകൊണ്ടയാളിൽ നിന്നും ഈടാക്കുന്നതാണ്.
- ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ വകുപ്പിന്റെ www.kirtads.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

Signed by
Sreedhanya Suresh I A S
Date: 09-11-2023 14:50:55

ഡയറക്ടർ

ഡയറക്ടർ,
വിവര പൊതുജന സമ്പർക്ക വകുപ്പ്,
തിരുവനന്തപുരം. (ആവരണ കത്ത് സഹിതം)

പകർപ്പ്,

1. നോട്ടീസ് ബോർഡ്, കിർടാഡ്സ്.
2. കലക്ടറേറ്റ്, കൽപ്പറ്റ, വയനാട്.
3. താലൂക്ക് ഓഫീസ് കൽപ്പറ്റ, വയനാട്.
4. വില്ലേജ് ഓഫീസ്, പൊഴുതന, വയനാട്.
5. കമ്പ്യൂട്ടർ ഓപ്പറേറ്റർ, (വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. ആഫീസ് പകർപ്പ്
7. കരുതൽ ഫയൽ

I/120615/2023